**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5131** **02-11-2021 - ൽ മറുപടിയ്ക്ക്**

**ഇരിമ്പിളിയം, കോട്ടയ്ക്കൽ കൃഷിഭവനുകളുടെ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ ഇരിമ്പിളിയം, കോട്ടയ്ക്കൽ എന്നീ കൃഷിഭവനുകളുടെ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | (എ) | സ്മാർട്ട് കൃഷി ഭവൻ പദ്ധതിയുടെ ഭാഗമായി RIDF പദ്ധതിയിൽ ഉൾപ്പെടുത്തി പുതുതായി നിർമ്മിക്കുവാനുള്ള സ്മാർട്ട് കൃഷി ഭവനുകളിൽ ഇരിമ്പിളിയം കൃഷി ഭവൻ ശിപാർശ ചെയ്യപ്പെട്ടിട്ടുണ്ട്. കോട്ടയ്ക്കൽ കൃഷി ഭവൻ നിർമ്മാണം ഇപ്പോൾ പരിഗണനയിലില്ല. കൃഷി ഭവന്റെ നിർമ്മാണ പ്രവൃത്തികൾക്ക് നിലവിൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ ഫണ്ട് നീക്കിവെച്ചിട്ടില്ല. കൃഷി ഭവനുകൾ അതാത് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കൈമാറി നൽകിയിട്ടുള്ള സ്ഥാപനങ്ങളായതിനാൽ കൃഷി ഭവനുകളുടെ കെട്ടിടം പുതുക്കി നിർമ്മിക്കുന്നതിന് ആവശ്യമായ ഫണ്ട് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് ലഭ്യമാക്കേണ്ടത്. |
| (ബി) | പ്രസ്തുത ഓഫീസ് കെട്ടിടങ്ങൾ തകർന്ന് വീഴാറായ അവസ്ഥയിലായതിനാൽ പ്ലാൻ ഫണ്ടിലോ മറ്റേതെങ്കിലും ഫണ്ടിലോ ഉൾപ്പെടുത്തി കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ ഫണ്ട് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ബി) | സ്മാർട്ട് കൃഷി ഭവൻ പദ്ധതിയുടെ ഭാഗമായി RIDF പദ്ധതിയിൽ ഉൾപ്പെടുത്തി പുതുതായി നിർമ്മിക്കുവാനുള്ള സ്മാർട്ട് കൃഷി ഭവനുകളിൽ ഇരിമ്പിളിയം കൃഷി ഭവൻ ശിപാർശ ചെയ്യപ്പെട്ടിട്ടുണ്ട്. കോട്ടയ്ക്കൽ കൃഷി ഭവൻ നിർമ്മാണം ഇപ്പോൾ പരിഗണനയിലില്ല. കൃഷി ഭവന്റെ നിർമ്മാണ പ്രവൃത്തികൾക്ക് നിലവിൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ ഫണ്ട് നീക്കിവെച്ചിട്ടില്ല. കൃഷി ഭവനുകൾ അതാത് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കൈമാറി നൽകിയിട്ടുള്ള സ്ഥാപനങ്ങളായതിനാൽ കൃഷി ഭവനുകളുടെ കെട്ടിടം പുതുക്കി നിർമ്മിക്കുന്നതിന് ആവശ്യമായ ഫണ്ട് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് ലഭ്യമാക്കേണ്ടത്. |

സെക്ഷൻ ഓഫീസർ